# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5405</u> <u>06.07.2012-ൽ മറുപടിക്ക്</u>

## <u>ആരോഗ്യകേരളം പരിശീലനത്തിന് റ്റി.എ/ഡി.എ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) 2009-ൽ 'ആരോഗ്യകേരളം' പരിപാടിയുടെ ഭാഗമായി ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ട്രെയിനിംഗ് എന്ന പേരിൽ കോട്ടയം ജില്ലയിലെ മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ ആരോഗ്യവകുപ്പിലെ ജീവനക്കാർക്കായി നടത്തിയ ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാർക്ക് നാളിതുവരെ റ്റി.എ/ഡി.എ ഇനത്തിൽ തുക ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാരുടെ ആഫീസിൽ തുക ലഭ്യമാക്കാം എന്ന് അറിയിക്കുകയും എന്നാൽ നാളിതുവരെ തുക നൽകിയിട്ടില്ല എന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുവാൻ തയ്യാറാകുമോ ;<br>(സി) ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയിട്ടുള്ളതായി സംശയിക്കേണ്ട ഈ വിഷയത്തിന്മേൽ പരാതി നൽകിയിട്ടുണ്ടോ ;<br>(ഡി) എങ്കിൽ അടിയന്തിര അന്വേഷണം നടത്തി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | <u>(ബി), (സി) & (ഡി) :</u><br>ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്ന് പരാതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ